**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2733** **03-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക രംഗത്ത് നടപ്പാക്കുന്ന പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കാർഷിക രംഗത്ത് ഈ സർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുവാൻ താഴെ പറയുന്ന പദ്ധതികളും സേവനങ്ങളും സർക്കാർ നടപ്പാക്കുന്നു. 1. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി 2. പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി 3. നെൽകൃഷിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ 4. പച്ചക്കറി കൃഷിയുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ 5. ഗുണമേന്മയുള്ള പച്ചക്കറിത്തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ 6. സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന ഉറപ്പാക്കുന്ന പദ്ധതികൾ 7. വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ചു നടപ്പാക്കുന്ന സുഭിക്ഷ കേരളം പദ്ധതി 8. സംസ്ഥാനത്തെ ഫലവർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനത്തിനുള്ള പദ്ധതികൾ 9. ഹൈടെക് അഗ്രികൾച്ചർ പദ്ധതികൾ 10. Safe to eat പദ്ധതി കൂടാതെ കർഷക സഹായമായ ഉപപദ്ധതികളും നടപ്പിലാക്കുന്നു. |
| (ബി) | കാർഷിക രംഗത്തേക്ക് പുതു തലമുറയെ ആകർഷിക്കുന്നതിന് കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി ഉൾപ്പെടെയുള്ള മേഖലകളിൽ യുവജനങ്ങൾക്ക് സഹായകരമാകുന്ന പദ്ധതി നടപ്പാക്കുമോ. വിശദാംശം ലഭ്യമാക്കുമോ ? | (ബി) | കാർഷിക രംഗത്തെ രംഗത്തേക്ക് പുതു തലമുറയെ ആകർഷിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവ സഹായിക്കുന്നതാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക |

| | | | |
|---|---|---|---|
| | | | കൂട്ടായ്മകൾ എന്നിവ വഴി ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് വിവിധ പദ്ധതികൾ എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നു. കേരളത്തിൽ കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ-യെ നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും APEDA യുമായും, കൃഷി വകുപ്പുമായും ചേർന്ന് തുടർപ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. സുഭിക്ഷ കേരളം പദ്ധതി ഉൾപ്പെടെ സംസ്ഥാന കാർഷിക കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും യുവജന പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ